# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 123      28.01.2019 ൽ മറുപടിക്ക്

**ഹർത്താലിലെ അക്രമപ്രവർത്തനങ്ങളും സുരക്ഷാ വീഴ്ചയും**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.എ.പി. അനിൽ കുമാർ<br>ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.എം.വിൻസെന്റ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ശബരിമലയിലെ യുവതി പ്രവേശനത്തെത്തുടർന്ന് നടന്ന ഹർത്താലിൽ അക്രമം ഉണ്ടാകുമെന്ന് ഇന്റലിജൻസ് റിപ്പോർട്ട് ലഭിച്ചിരുന്നുവോ; | (എ) അക്രമമുണ്ടാകുമെന്ന വിവരം പോലീസിന് ലഭിച്ചിരുന്നു. |
| (ബി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ സുരക്ഷ ഒരുക്കുന്നതിൽ ജില്ലാ പോലീസ് മേധാവികൾ പരാജയപ്പെട്ടതായി വിലയിരുത്തിയിട്ടുണ്ടോ; | (ബി) പോലീസ് മതിയായ സുരക്ഷാ സംവിധാനം ഒരുക്കുകയും ചെയ്തു. |
| (സി) പോലീസ് മേധാവി ഇക്കാര്യത്തിലുള്ള അതൃപ്തി രേഖപ്പെടുത്തിയിട്ടുണ്ടോ; | (സി) ഇല്ല. |
| (ഡി) തിരുവനന്തപുരം, കോഴിക്കോട് സിറ്റി പോലീസ് കമ്മീഷണർമാരുടെ ഭാഗത്ത് നിന്നും എന്തൊക്കെ വീഴ്ച ഉണ്ടായതായിട്ടാണ് കണ്ടെത്തിയിട്ടുള്ളത്; | (ഡി) വീഴ്ച ഉണ്ടായതായി കണ്ടെത്തിയിട്ടില്ല. |
| (ഇ) ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഉദ്യോഗസ്ഥരെ സ്ഥലം മാറ്റിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഇ) സ്ഥലം മാറ്റിയത് മേൽ പറഞ്ഞതിന്റെ അടിസ്ഥാനത്തിലല്ല. |

സെക്ഷൻ ഓഫീസർ